**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5646** **08-07-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്ന സർക്കുലർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. സിവിൽ സ്വഭാവമുള്ള തർക്കങ്ങളിൽ പോലീസ് ഇടപെടരുതെന്നും ഇത് സംബന്ധിച്ച് കക്ഷികളെ പോലീസ് സ്റ്റേഷനിൽ ഹാജരാകുവാൻ നിർബന്ധിക്കരുതെന്നും നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 10.03.2012 ലെ പ്രസ്തുത സർക്കുലർ നം. 04/2012 ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. എന്നാൽ ക്രമസമാധാന പ്രശ്നങ്ങളിൽ പോലീസിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | വസ്തുതർക്കം, അതിർത്തിത്തർക്കം തുടങ്ങിയ കേസുകൾ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികൾക്കും തീരുമാനം ബാധകമാണോയെന്നറിയിക്കാമോ; | (ബി) | വസ്തുതർക്കം, അതിർത്തി തർക്കം തുടങ്ങിയ പരാതികളിന്മേൽ റവന്യൂ അധികാരികളെയോ സിവിൽ കോടതികളെയോ സമീപിച്ച് പരിഹാരം കാണുന്നതിന് പരാതിക്കാർക്ക് നിർദ്ദേശം നൽകി വരുന്നു . നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികളിലും ഇത്തരത്തിൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം ആവശ്യങ്ങളിൽ അടിയന്തര പരിഹാരത്തിനും ഇടപെടലിനും ജനങ്ങൾ ആരെയാണ് സമീപിക്കേണ്ടതെന്ന് വിശദമാക്കാമോ? | (സി) | സിവിൽ വിഷയങ്ങളിൽ അടിയന്തര ഇടപെടലിനും പരിഹാരത്തിനും ജനങ്ങൾക്ക് ബന്ധപ്പെട്ട റവന്യൂ അധികാരികളെയും തുടർന്ന് ആവശ്യമെങ്കിൽ സിവിൽ കോടതിയെയും സമീപിക്കാവുന്നതാണ്. സിവിൽ സംബന്ധമായ പരാതികളിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ മാത്രമാണ് പോലീസ് നടപടികൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

**No: D6/117080/2011**
Police Headquarters,
Kerala, Thiruvananthapuram,
Dated: 10 /03/2012.

47

**Circular No. 04/2012**

**Sub:** Police Interference in Civil Disputes – Instructions – reg.

**Ref:** (1) PHQ Executive Directive No. 08/2010 dated 18/11/2010
(2) Section 63 of Kerala Police Act 2011
(3) Order dated 17/10/2011 of KSHRC in HRMP No.1506/2005

Instructions had been issued earlier that no Police Officer shall interfere in any dispute of civil nature and they shall not summon the parties by compulsion to the Police Station, in order to settle the issue. It has also been clarified that Police have jurisdiction in a dispute only when commission of any criminal offence or any threat to the maintenance of law and order is disclosed or is reasonably anticipated.

**02.** It is noticed that these instructions are still being violated by Police officers. The Hon'ble Kerala State Human Rights Commission while considering a petition has commented that *"such actions of the Police Officers in interfering matters relating to civil disputes and humiliating people are high handed ones".*

**03.** It is not the duty of the Police to 'mediate' or 'interfere' in civil cases and civil matters, since these fall squarely within the jurisdiction of the Revenue Authorities and the Civil Courts unless and otherwise an Executive Magistrate or a Civil Court has issued specific directions in this regard to the Police.

**04.** The following provisions of section 63 of Kerala Police Act 2011 are brought to the notice of all. Police are empowered by the said provision to interfere in a dispute which can lead to a cognizable offence. In that case the Station House Officer can take steps

(a) to ascertain the facts and circumstances of the matter by interacting with the individuals concerned or to others acquainted with such facts; or
(b) to give warning in writing to any individuals or all groups involved in the dispute against the doing of any unlawful act in continuation of the dispute; or
(c) to encourage individuals or groups involved in the dispute to redress the dispute through mutual discussion or through mediation; or
(d) to advise individuals or groups to approach the competent court having jurisdiction for redressing the dispute; or
(e) to require the individuals or groups to seek redressal of the dispute by appearing before an Executive Magistrate having jurisdiction; or
(f) to report facts before the Magistrate having jurisdiction for taking suitable action against any individual or all groups under the provisions of the Code of Criminal Procedure, 1973 (Central Act 2 of 1974).

**05.** It is once again clarified that police action should be confined to the limits permitted by law.

**STATE POLICE CHIEF,**
**KERALA**

To

All Officers in List 'B'

Copy to : CA to all Officers in PHQ
" : RAC/Circular Book/Records/Stock File